# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.85- 30/11/2015 - ലെ മറുപടിക്ക്

## റവന്യൂ കമ്മി കുറയ്ക്കാൻ നടപടികൾ

| ചോദ്യം<br><br>ശ്രീ.സി.കെ.സദാശിവൻ | ഉത്തരം<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) റവന്യൂ കമ്മി കുറച്ച്കൊണ്ട് വരാൻ ഈ സർക്കാർ നടപ്പാക്കിയ ഫലപ്രദമായ ഏതെങ്കിലും നടപടികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ; | റവന്യൂ കമ്മി കുറച്ച് കൊണ്ട് വരാൻ ഈ സർക്കാർ നടപ്പാക്കിയ പ്രധാനപ്പെട്ട നടപടികൾ ചുവടെ ചേർക്കുന്നു.<br><br>• നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിൻമേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>• പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>• നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>• നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിൻമേൽ ഏർപ്പെടു |

| | |
|---|---|
| | ത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിരവധി നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നവർഷം റവന്യൂ കമ്മി എത്രയായിരുന്നു; അതിപ്പോൾ എത്ര; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2010-11 ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 3674 കോടി രൂപയായിരുന്നു. ഇത് 31.03.2015 ൽ 13,795.96 കോടി രൂപയാണ്. |
| (സി) റവന്യൂ കമ്മി പൂജ്യത്തിലെത്തിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട വർഷം ഏതായിരുന്നു; | 2014-15 ൽ റവന്യൂകമ്മി ഇല്ലാതാക്കണമെന്നാണ് 2011 ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിരുന്നത്. |
| (ഡി) ഈ സർക്കാർ ഓരോ വർഷവും എത്ര ശതമാനം വീതം റവന്യൂ കമ്മി കുറച്ച് കൊണ്ടു വരികയുണ്ടായി? | ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും, Tax-GSDP വളർച്ച നിരക്കിലുള്ള കുറവും, കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണം റവന്യൂകമ്മി കുറച്ചുകൊണ്ടുവരുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ